തിളക്കമാർന്ന വിഷവിധാനങ്ങൾ എന്നിവ സൃഷ്ടിച്ച പശ്ചാത്തലത്തിൽ, കഥകളിയിലെ ചില താണ്ഡവങ്ങളും മോഹിനിയാട്ടത്തിലെ ചില ലാസ്യങ്ങളും അതിമനോഹരമായി അന്ന് അവിടെ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. മനുഷ്യശരീരം ഒരു മികച്ച കലാമാധ്യമമാണെന്നും, അതിന്റെ ചിട്ടപ്പെടുത്തിയ ചലനങ്ങൾക്ക്, അത്യന്തം നിരപേക്ഷമായിത്തന്നെ, അനിർവചനീയങ്ങളായ സൗന്ദര്യാനുഭൂതികൾ ഉണർത്താൻ കഴിവുണ്ടെന്നും എനിക്കു ബോദ്ധ്യംവന്നതു് അന്നായിരുന്നു.

കഥകളിയെന്ന കലത്തറവാട്ടിലേക്കു് തിരിച്ചു പോയില്ലെങ്കിലും, അതിന്റെ ശോച്യാവസ്ഥയിൽ ഗുരുഗോപിനാഥിന് എന്നും ഖേദമുണ്ടായിരുന്നു. ആവശ്യത്തിനനുസരിച്ച് ലഘുനൃത്ത രൂപങ്ങളാകുന്ന ചാലുകളിലൂടെ, തിരിച്ചുവിട്ട് ബഹുജനകേദാരങ്ങളിലേക്കു ശുദ്ധകലയുടെ തെളിനീർ എത്തിക്കണമെങ്കിൽ, കഥകളിയെന്ന തലച്ചിറ എന്നും നിറഞ്ഞുതന്നെ കിടക്കണമെന്ന വസ്തുത അദ്ദേഹത്തിനു് അറിയാമായിരുന്നു.

പല നിലകളിൽ സ്മരണീയനായിരുന്ന ഈ ആചാര്യന് ഒരു വിദൂര സുഹൃത്തിന്റെ അന്ത്യപ്രണാമങ്ങൾ!

(12 ഒക്ടോബർ, 1987)

# 49. പരീക്ഷിത്ത് തമ്പുരാൻ

കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ, ആയിരത്താണ്ടിലേറെ നീണ്ടുനിന്ന കൊച്ചി എന്ന നാട്ടുരാജ്യത്തിലെ അവസാനത്തെ മഹാരാജാവ് എന്ന നിലയിൽ ഹ്രസ്വമായ ഒരു പരാമർശത്തിനേ മഹാമഹിമശ്രീ രാമവർമ്മ പരീക്ഷിത്ത് കുഞ്ഞുണ്ണിത്തമ്പുരാൻ വിഷയമായുള്ളൂ എന്നുവരാം. എന്നാൽ, തിരു—കൊച്ചി സംയോജന പ്രമാണത്തിൽ ഒപ്പുവെച്ചുകൊണ്ട്, കൊച്ചി രാജകുടുംബത്തിന്റെ ഭരണാധികാരം എന്നന്നേക്കുമായി കൈവെടിയുന്നതിന്റെ തലേന്നു്, 1949 ജൂൺ 30—ാം തീയതി, തന്റെ പ്രജകൾക്കു് ഈ മഹാരാജാവു നൽകിയ വിടവാങ്ങൽസന്ദേശം സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ പൂർണമായ ഉദ്ധാരണം അർഹിക്കുന്നുണ്ടു്. ജനഹിതം മാനിക്കുന്നതിനും യുഗചേതനയുമായി പൊരുത്തപ്പെട്ടുപോകുന്നതിനും ഇന്ത്യയിലെ മഹാരാജാക്കന്മാരിൽ മററാരും പ്രദർശിപ്പിക്കാതിരുന്ന ഉൾക്കണ്ണ് പരീക്ഷിത്ത് തമ്പുരാന്റെ ഈ സന്ദേശത്തിൽ, ശുദ്ധജല തടാകത്തിൽ നീലാകാശംപോലെ, നിഴലിച്ചു കാണുന്നു. ഈ സന്ദേശത്തിൽ നിന്നു് ഏതാനും വാക്യങ്ങൾ ഉദ്ധരിക്കാം:

'നമുക്കു് എല്ലാവർക്കും അറിയുന്നതുപോലെ, കാലം മുന്നോട്ടു പോയതോടുകൂടി, പ്രത്യേകിച്ചും കഴിഞ്ഞ ചുരുക്കം ചില കൊല്ലങ്ങൾക്കിടയിൽ, മനുഷ്യസമുദായത്തിന്റെ ആശയങ്ങൾക്കും ആദർശങ്ങൾക്കും പൊതുവിൽ ഒരു മാററമുണ്ടായിട്ടുണ്ടു്. സ്വാതന്ത്ര്യദാഹവും ഉത്തരവാദഭരണത്തിനുള്ള അഭിവാഞ്ഛയും ഇന്ത്യയിൽ മുഴുക്കെ ഉച്ചകോടിയിലെത്തിച്ചേർന്നു. പൊതുജനപ്രതിനിധികളായ എന്റെ മന്ത്രിമാർ പ്രകടിപ്പിച്ച അഭിപ്രായത്തെ മാനിച്ചും, നാട്ടുരാജ്യവകുപ്പിന്റെ ഉപദേശമനുസരിച്ചും ഞാൻ, ഭരണാധികാരി എന്ന നിലയിൽ ഈശ്വരാനുഗ്രഹത്തെ മുൻനിർത്തിക്കൊണ്ടു്, സംയോജനക്കരാറിൽ ഒപ്പുവെച്ചു. നാളെ ഭരണത്തലവനെന്ന പദവിയിൽനിന്നു ഞാൻ ഒഴിയുകയാണു്—കൊച്ചിയിലെ ജനങ്ങളുടെ കൂടുതൽ അഭ്യുദയത്തിനും ക്ഷേമത്തിനും ഈ നടപടി വഴി തെളിക്കുമെന്നാ

ശിച്ചുകൊണ്ടു്. എന്നിൽ വല്ല വീഴ്ചകളും വന്നു പോയിട്ടുണ്ടെങ്കിൽ എന്റെ പ്രിയപ്പെട്ട ജനങ്ങൾ ക്ഷമിക്കുമാറാകണമെന്നു് അപേക്ഷ. അറിഞ്ഞുകൊണ്ടു നിങ്ങളുടെ താല്പര്യത്തിനെതിരായി ഞാൻ ഇതുവരെ യാതൊന്നും പ്രവർത്തിക്കുകയുണ്ടായിട്ടില്ല. എന്നല്ല, എന്റെ അങ്ങേയററത്തെ കഴിവിനനുസരിച്ചും ഹൃദയപൂർവമായിട്ടും നിങ്ങളെ സേവിക്കാൻ ഞാൻ ശ്രമിച്ചുപോന്നിട്ടുമുണ്ടു്.'

കോവിലകം ജീവനക്കാർക്കോ, രാജകുടുംബത്തിനോ, തനിക്കുതന്നെയോ ഒരു ആനുകൂല്യവും ആവശ്യപ്പെടാതെയാണു് പരീക്ഷിത്തു് തമ്പുരാൻ പൂർണമനസ്സോടെ അധികാരം വിട്ടൊഴിഞ്ഞതു്. ജനഹിതം മാനിക്കാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ആഗ്രഹത്തിനു മുമ്പിൽ സ്വാതന്ത്ര്യത്തിനു് ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. കേന്ദ്രഗവണ്മെൻറിന്റെ പ്രതിനിധിയായി സംയോജനരേഖയിൽ അദ്ദേഹത്തിന്റെ ഒപ്പു വാങ്ങിയ വി. പി. മേനോൻ പരീക്ഷിത്തു് തമ്പുരാനെപ്പററി ഇങ്ങനെ രേഖപ്പെടുത്തി: 'തന്റെ പ്രജകൾക്കു വിശാലതരമായ ഒരു ജീവിതം അനുഭവിക്കാറാകുന്നതിനുവേണ്ടി, തന്നെത്താൻ പൂർണമായി മായിച്ചു കളയുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു..' ഇപ്പറഞ്ഞതിൽ യാതൊരു അതിശയോക്തിയുമില്ല.

കേരളത്തിന്റെ ഒരു സാംസ്കാരികചരിത്രം എഴുതപ്പെടുമ്പോൾ, അതിൽ ഏററെക്കുറെ ദീർഘമായ ഒരദ്ധ്യായം പരീക്ഷിത്തു് തമ്പുരാനെപ്പററി ആയിക്കൂടെന്നില്ല. സംസ്കൃതഭാഷയിലും സംസ്കൃതസാഹിത്യത്തിലും ഭാരതീയദർശനങ്ങളിലുമുള്ള പാണ്ഡിത്യവും, ഭാരതീയസംസ്കാരത്തിനിണങ്ങിയ ജീവിതചര്യയും കേരളത്തിൽ നിലനിർത്തുകയും വളർത്തുകയുംചെയ്യുന്നതിനു്, താരതമ്യേന ദീർഘമായ തന്റെ ജീവിതകാലത്തു്, തന്റെയും തന്നെ കേന്ദ്രമാക്കി നിലനിന്ന ഒരു പണ്ഡിതസംഘത്തിന്റെയും ഉദാഹരണങ്ങളിലൂടെ, അദ്ദേഹംചെയ്ത പരിശ്രമം സംസ്കാരപ്രണയികൾ വിസ്മരിച്ചുകൂടാത്തതാണു്.

## ജീവിതം

കൊച്ചി രാജകുടുംബത്തിൽ മങ്കുത്തമ്പുരാന്റെയും ഓട്ടൂർ രാമൻ നമ്പൂതിരിപ്പാടിന്റെയും മകനായി 1876 ആഗസ്റ്റ് 15—ാം തീയതി രാമവർമ പരീക്ഷിത്തു് കുഞ്ഞുണ്ണിത്തമ്പുരാൻ ജനിച്ചു. ശിശു തനിയെ പിറന്നേക്കുകയില്ലെന്നും, ശസ്ത്രക്രിയ വേണ്ടിവന്നേക്കാമെന്നും ഡോക്ടർ അഭിപ്രായപ്പെട്ടെങ്കിലും, ഒരു ആയുർവേദവൈദ്യന്റെ ഉപദേശമനുസരിച്ചു ചില ഔഷധച്ചെടികളുടെ ഇല അരച്ചു പുരട്ടിയതിന്റെ ഫലമായി അമ്മ അനായാസമായി പ്രസവിക്കുകയാണുണ്ടായതു്. മഹാഭാരതത്തിലെ പരീക്ഷിത്തു് മഹാരാജാവിന്റെ ജനനത്തോടു് തമ്പുരാന്റെ ജനനത്തിനുണ്ടായിരുന്ന സാദൃശ്യമാണു് 'പരീക്ഷിത്തു്' എന്ന, കൂടുതൽ പ്രസിദ്ധിയാർജിച്ച, അദ്ദേഹത്തിന്റെ പേരിനു നിദാനം. അമ്മയുടെ മൂത്തമകൻ ആയിരുന്നതിനാൽ അദ്ദേഹം 'രാമവർമ' ആയി. 'കുഞ്ഞുണ്ണി' എന്നതായിരുന്നു ഓമനപ്പേർ. അദ്ദേഹത്തിനു മൂന്നു സഹോദരന്മാരും അഞ്ചു സഹോദരിമാരും ഉണ്ടായിരുന്നു.

> യസ്യാം ചൈവ ഗുരുർബഭൂവ വിദുഷീ വിദ്യാഗ്രഹേ ഹ്യാദിമേ
> കുഞ്ഞാഖ്യൗച വിനിന്യതു സ്തദനുയം കാവ്യാദികേ വത്സലൗ
> പ്രാഭാട്ടുർഗമ തക്കമാർഗചരണേ ശ്രീ രാമവർമാ നൃപോ
> യത്സൈദ്ധാക്ഷ്യ,മപാരധീസ്സ ശഠകോപാചാര്യവര്യോ ƒപിച

എന്നു തന്റെ ഗുരുക്കന്മാരെ തമ്പുരാൻ അനുസ്മരിച്ചിട്ടുണ്ടു്. അമ്മതന്നെയാണു് അദ്ദേഹത്തെ ആദിമപാഠങ്ങൾ പഠിപ്പിച്ചതു്. പിന്നീടു് മുരി

ങ്ങാട്ട് കൊച്ചുകുഞ്ഞൻ നമ്പ്യാരും ഇക്കണ്ടത്ത് കുഞ്ഞൻ വാരിയരും അദ്ദേഹത്തെ കാവ്യാദികൾ പഠിപ്പിച്ചു. മാതുലനും അന്ന് കൊച്ചി ഇളയ തമ്പുരാനും ആയിരുന്ന രാജർഷി രാമവർമ (പിന്നീടു വാഴ്ചയൊഴിഞ്ഞ) തമ്പുരാൻ ന്യായശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ ആദ്യഗുരുവായിരുന്നു. തന്റെ ആചാര്യനും പിന്നീടു ശ്വശുരനുമായ രാജർഷിയെ പരീക്ഷിത്ത് തമ്പുരാൻ ഇങ്ങനെ വാഴ്ത്തിയിട്ടുണ്ട്:

> യേനാഽമാഥി ധിയാ കുശാഗ്രസമയാ ശാസ്ത്രാംബുരാശിർന്നവേ,
> യേനാഽഭോജി ച മദ്ധ്യമേ വസുമതീ യത്നേന സംലാളിതാ
> യേനാഽത്യാജി വിപശ്ചിതാ വയസിതദ്രാജ്യം തഥാപശ്ചിമേ
> ഭിഷ്ട്യാരാജതി സോഽയമച്യുത പദന്യസ്താത്തരാത്മാ നൃപഃ

തർക്കശാസ്ത്രത്തിൽ ഏററവുമധികം പ്രചാരമുള്ള പ്രകരണഗ്രന്ഥമായ സിദ്ധാന്തമുക്താവലിയുടെ വ്യാഖ്യാനമായ ദിനകരീയത്തിന്റെ വ്യാഖ്യാനമായ 'തരംഗിണി' രചിച്ച രാമരുദ്രന്റെ പ്രശിഷ്യനായ കുംഭകോണം ശേഷാചാര്യരായിരുന്നു തർക്കശാസ്ത്രത്തിൽ രാജർഷിയുടെ ആചാര്യനെന്ന വസ്തുത ഇവിടെ അനുസ്മരിക്കേണ്ടതാണ്. പില്ക്കാലത്ത് കുംഭകോണം ശാകോപാചാര്യർ എന്ന സുപ്രസിദ്ധനായ തർക്കപണ്ഡിതനും പരീക്ഷിത്ത് തമ്പുരാനെ തർക്കത്തിലെ ഉപരിഗ്രന്ഥങ്ങൾ പഠിപ്പിക്കുകയുണ്ടായി.

പതിനേഴാം വയസ്സിൽ പരീക്ഷിത്ത് തമ്പുരാൻ ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങി. ഇരുപത്തിരണ്ടാം വയസ്സിൽ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. മൂന്നു വർഷം കഴിഞ്ഞ്, എറണാകുളം മഹാരാജാസ് കോളേജിൽനിന്ന് എഫ്. എ. പരീക്ഷയും, നാലു വർഷം കൂടികഴിഞ്ഞ്, 1905-ൽ, 29-ാം വയസ്സിൽ മദ്രാസ് പ്രസിഡൻസി കോളേജിൽനിന്ന് ബി. എ. പരീക്ഷയും ജയിച്ചു. ഇംഗ്ലീഷ് പഠിക്കുമ്പോഴും, പിന്നീടും അദ്ദേഹം സംസ്കൃതഭാഷയിലെ ഉപരിഗ്രന്ഥങ്ങൾ പഠിക്കുന്നതു തുടർന്നു. മീമാംസ, വ്യാകരണം, വേദാന്തം എന്നീ ശാസ്ത്രങ്ങളിൽ അപാരമായ പാണ്ഡിത്യം സമ്പാദിക്കുകയുംചെയ്തു. ന്യായശാസ്ത്രത്തിൽ പ്രാചീനന്യായത്തിലും, നവ്യന്യായത്തിലെ ഗാദാധരീ-ജാഗദീശീ-സമ്പ്രദായങ്ങളിലും അദ്ദേഹത്തിന് ഒരുപോലെ വൈദഗ്ദ്ധ്യമുണ്ടായിരുന്നു.

വ്യത്യസ്ത ശാസ്ത്രശാഖകളിൽ നിഷ്ണാതരായിരുന്ന ഒട്ടേറെ പണ്ഡിതന്മാരുടെ മദ്ധ്യത്തിലാണ് പരീക്ഷിത്ത് തമ്പുരാൻ ജീവിച്ചത്. തമ്പുരാന്റെ 'ബഹിശ്ചര പ്രാണൻ' എന്ന് ഉള്ളൂർ വിശേഷിപ്പിച്ച സഹൃദയതിലകൻ രാമപ്പിഷാരടി, ശാബ്ദികതിലകൻ ചേന്നമംഗലം അയ്യാശാസ്ത്രികൾ, പണ്ഡിതരാജൻ മാന്തിട്ട കുഞ്ചുനമ്പൂതിരി, മീമാംസാപണ്ഡിതനായ സേതു മാധവ ദീക്ഷിതർ, കൊടുങ്ങല്ലൂർ ഭട്ടൻ തമ്പുരാൻ, കിള്ളിമംഗലം നാരായണൻ നമ്പൂതിരിപ്പാട്, പി. എസ്. അനന്തനാരായണശാസ്ത്രി, കെ. അച്യുതപ്പൊതുവാൾ, കിറാങ്ങാട്ട് നാരായണൻ നമ്പൂതിരിപ്പാട്, സി. കെ. രാമൻനമ്പ്യാർ, തൃക്കോവിൽ രാമവാരിയർ അങ്ങനെ ഇവരുടെ പരമ്പര നീണ്ടുപോകുന്നു. വ്യാകരണത്തിലും ന്യായത്തിലും തുല്യപാണ്ഡിത്യമുണ്ടായിരുന്ന നയത്തോട് ദാമോദരപ്പിഷാരടി അവസാന വർഷങ്ങളിൽ തമ്പുരാന്റെ അന്തേവാസിയായിരുന്നു. വ്യാകരണ മഹാഭാഷ്യത്തിലും അതിന്റെ കൈയടവ്യാഖ്യാനത്തിലും തമ്പുരാനുണ്ടായിരുന്ന ഉപസ്ഥിതിയെപ്പററി ശ്രീ പിഷാരടി അത്ഭുതാദരങ്ങളോടെ എന്നോടു പറഞ്ഞിട്ടുണ്ട്. സിദ്ധാന്തമുക്താവലി, അതിന്റെ വ്യാഖ്യാനമായ ദിനകരി, അതിന്റെ വ്യാഖ്യാനമായ രാമരുദ്രീയം എന്നിവയുടെ വ്യാഖ്യാനമായും പൂരണമായും തമ്പുരാൻ രചിച്ച സുബോ

ധിനി ന്യായശാസ്ത്രത്തിൻെറ പ്രാചീന—നവ്യ—വിഭാഗങ്ങളിൽ അദ്ദേഹം നേടിയ അതുല്യമായ അവഗാഹത്തിൻെറ നിദർശനമാകുന്നു.

സംസ്കൃതത്തിലെന്നപോലെ മലയാളത്തിലും, ശാസ്ത്രങ്ങളിലെന്നപോലെ സംഗീതം, നാട്യം മുതലായ കലകളിലും പ്രാമാണികമായിരുന്നു അദ്ദേഹത്തിൻെറ പരിജ്ഞാനം.

1947—ൽ രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ കൊച്ചി മഹാരാജാവായി. രണ്ടു വർഷത്തിനകം അദ്ദേഹം തൻെറ മാത്രമല്ല, തൻെറ കുടുംബത്തിൻെറയും രാജ്യഭരണാധികാരം ഉപേക്ഷിക്കുകയുംചെയ്തു.

തൃപ്പൂണിത്തുറ സംസ്കൃത കോളേജിൻെറ ദൈനന്ദിനപ്രവർത്തനത്തിൽ അദ്ദേഹം എന്നും താല്പര്യം പ്രദർശിപ്പിച്ചുവന്നു. അവിടെ ആണ്ടുതോറും നടന്നുവന്ന വാക്യാർത്ഥസദസ്സുകളെ ആകർഷകങ്ങളും ഗൗരവപൂർണ്ണങ്ങളുമാക്കിയതു് പരീക്ഷിത്ത് തമ്പുരാൻെറ നിരന്തര സാന്നിദ്ധ്യമായിരുന്നു. ആ സദസ്സുകളിൽ പങ്കെടുത്തിരുന്ന പ്രധാന പണ്ഡിതന്മാർ നിയമേന അദ്ദേഹത്തിൻെറ അതിഥികളായിരുന്നു. താൻ മഹാരാജാവായ അവസരത്തിൽ, സംസ്കൃത കോളേജിലേക്ക് ഒരു ലക്ഷം രൂപയുടെ ഒരു നിധി അദ്ദേഹം സംഭാവനചെയ്തു. അദ്ദേഹത്തിൻെറ പിറന്നാളുകൾക്ക് സംസ്കൃത കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും മുഴുവൻ ക്ഷണിക്കപ്പെടാറുണ്ട്.

അതിലളിതമായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. ദിവസേന ഒമ്പതു മണിക്കൂർ വീതം അദ്ദേഹം ധ്യാനത്തിനും പൂജാദികൾക്കുമായി നീക്കിവെച്ചിരുന്നതായി കാണുന്നു. രാവിലെ പത്തുമണിക്കും രാത്രി എട്ടുമണിക്കും സാധാരണ മലയാളിമട്ടിൽ ഊണും, ഉച്ചയ്ക്കു രണ്ടു മണിക്ക് ഒരു കപ്പ് പാലും—ഇതായിരുന്നുവത്രെ അദ്ദേഹത്തിൻെറ ഭക്ഷണം. ഗ്രന്ഥപാരായണത്തിനും ശാസ്ത്രചർച്ചകൾക്കും അദ്ദേഹം എന്നും സമയം കണ്ടിരുന്നു. യാഥാസ്ഥിതികവിശ്വാസങ്ങൾ പുലർത്തിയിരുന്ന അദ്ദേഹം, നാലോ, അഞ്ചോ പ്രാവശ്യം ഉത്തരേന്ത്യയിലെ പ്രധാന നഗരങ്ങളും പുണ്യക്ഷേത്രങ്ങളും സന്ദർശിക്കുകയുണ്ടായി.

ശ്രീമതി ഇട്യാണത്ത് മാധവിയമ്മയായിരുന്നു തമ്പുരാൻെറ ധർമ്മപത്നി. തമ്പുരാൻെറ ഏതാനും സ്തോത്രകൃതികൾക്ക് ശ്രീമതി മാധവിയമ്മ മലയാളത്തിൽ വ്യാഖ്യാനം എഴുതിയിട്ടുണ്ട്. സംഗീതത്തിലും ശ്രീമതി മാധവിയമ്മയ്ക്കു പ്രാഗല്ഭ്യം ഉണ്ടായിരുന്നു. ഈ ദമ്പതികൾക്കു സന്താനസൗഭാഗ്യം ഉണ്ടായില്ല.

## കൃതികൾ

### 1. സുബോധിനി

തമ്പുരാൻെറ കൃതികളിൽ പ്രധാനപ്പെട്ടതു മുമ്പു പറഞ്ഞ 'സുബോധിനി' തന്നെയാണ്. 1956—ൽ ഇതു് തൃപ്പൂണിത്തുറയിൽ അച്ചടിക്കപ്പെട്ടുവെങ്കിലും, ഏതാനും പ്രതികളേ അന്നു പ്രസിദ്ധീകരിക്കപ്പെട്ടുള്ളു. അന്നു് അച്ചടിച്ചുവെച്ചിരുന്ന ഫോറങ്ങൾ ചേർത്തു ബയൻഡ്ചെയ്തു് ഈ കൃതി ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. പണ്ഡിതരാജൻ മാന്തിട്ട കുഞ്ചു നമ്പൂതിരി എഴുതിയ ഒരു അവതാരികയും ഈ പ്രസിദ്ധീകരണത്തിലുണ്ട്.

ഇന്ത്യയിൽ മുഴുവൻ നവ്യന്യായത്തിൻെറ പ്രാഥമിക പാഠപുസ്തകമാണ് വിശ്വനാഥപഞ്ചാനന ഭട്ടാചാര്യർ രചിച്ച 'ന്യായസിദ്ധാന്തമുക്താവലി'. 'കാരികാവലി' എന്ന പേരിൽ താൻ രചിച്ച പ്രകരണഗ്രന്ഥത്തിൻെറ വ്യാഖ്യാനമെന്ന നിലയിലാണ് മുക്താവലി എഴുതപ്പെട്ടിരിക്കുന്നതു്. മുക്താവലിയുടെ വ്യാഖ്യാനങ്ങളിൽ പ്രധാനപ്പെട്ടതു്

മഹാദേവഭട്ടൻ എഴുതിത്തുടങ്ങിയതും ദിനകരഭട്ടൻ മുഴമിച്ചതുമായ 'പ്രകാശം' എന്ന വ്യാഖ്യാനമാകുന്നു. 'ദിനകരി' എന്ന പേരിലാണ് ഇതിനു പ്രസിദ്ധി. രാമരുദ്രഭട്ടൻ രചിച്ചതും 'രാമരുദ്രി' എന്ന പേരിൽ പ്രസിദ്ധവുമായ തരംഗിണി വ്യാഖ്യാനം 'ദിനകരി'യുടെ അർത്ഥബോധത്തിന് അനുപേക്ഷണീയമാകുന്നു. മുക്താവലിയും ദിനകരിയും രാമരുദ്രിയും ചേർത്തുപഠിക്കുന്ന വിദ്യാർത്ഥിക്ക് ന്യായ–വൈശേഷിക–സൂത്രങ്ങളുടെയും, അവയുടെ ഭാഷ്യങ്ങളുടെയും, മണി, ദീധിതി മുതലായ പ്രാമാണികഗ്രന്ഥങ്ങളുടെയും അദ്ധ്യയനത്തിന്റെ ഫലം ലഭിക്കുന്നു.

മുക്താവലിയുടെ മുദ്രിതപ്രതികളിൽ ഒരുപാടു തെറ്റുകളുണ്ട്. ഗ്രന്ഥങ്ങൾ നോക്കിയും, ചിന്തിച്ചും, ശുദ്ധപാഠം കണ്ടെടുത്തതും, ദിനകരിയിലും രാമരുദ്രിയിലും മറ്റു വ്യാഖ്യാതാക്കൾ ആരോപിച്ച കുറവുകൾ പരിഹരിച്ചും, രാമരുദ്രിയെ പൂരിപ്പിച്ചും രചിച്ച ഒരു വ്യാഖ്യാനഗ്രന്ഥമാണ് 'സുബോധിനി'. കാരികാവലി, മുക്താവലി, ദിനകരി, രാമരുദ്രി എന്നീ ഗ്രന്ഥങ്ങളോടൊപ്പം, അതാതു ദിക്കിൽ സുബോധിനിയുടെ അംശങ്ങൾ കൂടിച്ചേർത്ത്, സമഗ്രമായ ഒരു പാഠപുസ്തകമായി പ്രസിദ്ധീകരിക്കുന്നപക്ഷം സുബോധിനിക്ക് അഖിലേന്ത്യാപ്രചാരം മാത്രമല്ല, അഖിലലോകപ്രചാരംതന്നെ കൈവരും. ഇത്തരമൊരു പുതിയ പതിപ്പു തയ്യാറാക്കാൻ സംസ്കൃതകോളേജ് കമ്മററി മുന്നോട്ടു വരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നത്തെ നിലയിൽ 'സുബോധിനി' പരസ്പരബന്ധമില്ലാത്ത കുറിപ്പുകളുടെ ഒരു സമാഹാരം മാത്രമാണ്; വളരെയധികം ഗൗരവബുദ്ധിയോടെ മുക്താവലി പഠിപ്പിക്കുന്ന അദ്ധ്യാപകർക്കു മാത്രമേ അതു് ഉപകരിക്കുകയുള്ളൂ. ഈ വസ്തുത അതിന്റെ പ്രചാരത്തിനു് വലിയ ഒരു തടസ്സമാകുന്നു. ലളിതവും വിശദവും സംശയച്ഛേദകവും ആകയാൽ, സുബോധിനി തീർച്ചയായും പ്രചാരമർഹിക്കുന്നുണ്ട്.

### 2. ജലവദ്ധ്രദനിശ്ചയതത്വവിചാരഃ

ഒരു ചെറിയ ക്രോഡപത്രമാണിതു്. ഈ പ്രസംഗം തയ്യാറാക്കുമ്പോൾ ഈ ക്രോഡപത്രം എന്റെ കൈയിലില്ല. അതിനാൽ കൂടുതലായി അതിനെപ്പററി പറയുന്നില്ല.

### 3. സാരാർത്ഥദീപിക

പരീക്ഷിത്ത് തമ്പുരാനും സഹൃദയതിലകൻ രാമപ്പിഷാരടിയും ചേർന്നു നിർമിച്ച ശാകുന്തളവ്യാഖ്യാനമാണ് 'സാരാർത്ഥദീപിക'. 1914–ൽ മംഗളോദയംപ്രസ്സിൽനിന്ന് പി. എസ്. അനന്തനാരായണശാസ്ത്രികളുടെ സംക്ഷിപ്തമായ അവതാരികയോടെ ഇതു പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

സാരാർത്ഥദീപികയുടെ പ്രാധാന്യം, കേരളത്തിൽ നടപ്പുള്ള, ശുദ്ധമായ ശാകുന്തളപാഠം അതു നൽകുന്നുവെന്നതാണ്. പില്ക്കാലത്തു കുംഭകോണത്തുനിന്നു പ്രസിദ്ധീകരിച്ചതെങ്കിലും, ഈ ഗ്രന്ഥം നിർമിക്കുന്ന കാലത്തു കയ്യെഴുത്തുപ്രതികളിൽമാത്രം ലഭ്യമായിരുന്ന 'അഭിരാമ' വ്യാഖ്യാനത്തെയാണ സാരാർത്ഥദീപിക മുഖ്യമായും ആശ്രയിക്കുന്നതു്. അഭിരാമവ്യാഖ്യയ്ക്കു പുറമേ, ചിതൽ തിന്നു പൊടിഞ്ഞ ഗ്രന്ഥങ്ങളിൽ കാണുന്ന പല അപൂർണ്ണ–ശാകുന്തള–വ്യാഖ്യാനങ്ങളും സാരാർത്ഥദീപികാകാരന്മാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതു ലഭ്യമായിരുന്ന മിക്ക ശാകുന്തളവ്യാഖ്യാനങ്ങളും നോക്കി, തങ്ങൾക്കു രുചിച്ചില്ലെങ്കിലും അവയിലെ അഭിപ്രായങ്ങൾകൂടി 'സാരാർത്ഥദീപിക'യിൽ തൽകർത്താക്കൾ സമാഹരിച്ചിരിക്കുന്നു.

തെററു തീർത്തും, ഗ്രന്ഥകാരന്മാരുടെ ചരിത്രവും സമഗ്രമായ അവതാരികയും മററും ചേർത്തും, ഈ ഗ്രന്ഥം കഴിയും വേഗം അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ സംസ്കൃതകോളേജ് കമ്മററി മുന്നോട്ടു വരേണ്ടതാണ്.

### 4. രുക്മിണീസ്വയംവരവ്യാഖ്യ

പതിനെട്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഇടവട്ടിക്കാട്ട് നാരായണൻ നമ്പൂതിരി തിരുവിതാംകൂറിലെ ധർമ്മരാജാവിൻെറയും കൊച്ചിയിലെ രാമവർമ്മ, വീരകേരളവർമ്മ എന്നീ മഹാരാജാക്കന്മാരുടെയും സദസ്യനായിരുന്ന ഇദ്ദേഹം രചിച്ച രുക്മാംഗദചരിതം, രുക്മിണീസ്വയംവരം എന്നീ ചമ്പൂപ്രബന്ധങ്ങൾ കൂത്തിനും പാഠകത്തിനും വിപുലമായി ഉപയോഗിക്കപ്പെട്ടിരുന്നു. 'രുക്മിണീസ്വയംവരം പ്രബന്ധം ഏകദേശം മേല്പുത്തൂർ ഭട്ടതിരിയുടെ പ്രബന്ധങ്ങളോടു കിടനില്ക്കുന്നു' എന്ന് മഹാകവി ഉള്ളൂർ പറയുന്നു. ഇതിലെ—

'ആയാതം ഹരിണായതാക്ഷി! കമലാമോദിപ്രഭാതം സരാ—
ഗാശങ്കേത്യവധാര്യതാം, ദ്വിജകുലാലാപോ ഭവേന്നാന്യഥാ
സ്നായാ മംഗളമണ്ഡനാനി തനയാ യായാശ്ശിവായാഃ പദം
ഭൂയാണേ പരിരുദ്ധ്യതാരി റിതി സപ്രായാൽകൃതാഗീർദ്വിജഃ

എന്ന പദ്യത്തിൻെറ അർത്ഥം ഗ്രന്ഥകാരൻ രണ്ടു മണിക്കൂർ വിവരിച്ച് കൊച്ചി വീരകേരളവർമ്മ മഹാരാജാവിനെ ആശ്ചര്യഭരിതനാക്കി എന്ന ഐതിഹ്യം ഉള്ളൂർ ഉദ്ധരിക്കുന്നുണ്ട്. മനോഹരമായ ഈ പ്രബന്ധത്തിന് 'ഭാവദീപിക' എന്ന വിസ്തൃതമായ ഒരു വ്യാഖ്യാനം പരീക്ഷിത്ത് തമ്പുരാൻ രചിച്ചിട്ടുണ്ട്. ഇതു് 'പ്രബന്ധാവലി' എന്ന പരമ്പരയിൽ ഉൾപ്പെടുത്തി മലയാളലിപിയിൽ, പെരുമനത്തുനിന്ന് കെ. രാമൻ നമ്പ്യാർ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ ഇതു കിട്ടാനില്ല.

### 5. നാലു ചമ്പുക്കൾ

പ്രഹ്ലാദചരിതം, അംബരീഷചരിതം, സുകന്യാചരിതം, രാധാമാധവം എന്ന നാലു സംസ്കൃതചമ്പൂപ്രബന്ധങ്ങൾ തമ്പുരാൻ രചിച്ചിട്ടുണ്ട്. ഇവയും ഇപ്പോൾ അച്ചടിയിലുണ്ടെന്നു തോന്നുന്നില്ല.

### 6. ഉത്തരനൈഷധീയവ്യാഖ്യാനം

ആത്തൂർ അടിതിരിയുടെ ഉത്തരനൈഷധീയകാവ്യത്തിൻെറ മൂന്നു സർഗങ്ങൾക്ക് തമ്പുരാൻ എഴുതിയ വ്യാഖ്യാനം തൃപ്പൂണിത്തുറയിൽനിന്നു പ്രസിദ്ധീകരിച്ചതായി കാണുന്നു. ഈ പുസ്തകവും ഞാൻ കണ്ടിട്ടില്ല.

### 7. സ്തോത്രങ്ങൾ

തമ്പുരാൻ രചിച്ച 'ഗംഗാസ്തവം' 1939—ൽ ചൊവ്വരനിന്നു പ്രസിദ്ധീകരിച്ച 'ശ്രീമൂലപ്രശസ്തി'യിൽ, ഞാൻ എഴുതിയ ഒരു സംസ്കൃതവ്യാഖ്യാനത്തോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീനിഗമാലയേശനതി സപ്തതി, ഖേലതുദശകം, മേല്പുത്തൂർവന്ദനം എന്നീ സ്തോത്രങ്ങൾ തമ്പുരാൻെറ ധർമ്മപത്നിയായ മാധവിനേത്യാരമ്മയുടെ മലയാളവ്യാഖ്യാനത്തോടും നായത്തോട് ദാമോദരപ്പിഷാരടിയുടെ ആമുഖത്തോടുംകൂടി 1966—ൽ തൃപ്പൂണിത്തുറയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. തമ്പുരാൻ എഴുതിയ വേറെയും ചില സ്തോത്രങ്ങൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടെന്നു കാണുന്നു.

8. ഭഗവന്നാമ കൗമുദീ വിവർത്തനം

ലക്ഷ്മീധരാചാര്യർ സംസ്കൃതത്തിലെഴുതിയ ഭഗവന്നാമ കൗമുദി തമ്പുരാൻ മലയാളത്തിൽ വിവർത്തനംചെയ്തിട്ടുണ്ട്.

9. ദളങ്ങൾ

മലയാളത്തിൽ തമ്പുരാൻ രചിച്ച ഏതാനും ഗാനങ്ങളും വിമർശന പ്രബന്ധങ്ങളും 'ദളങ്ങൾ' എന്ന പേരിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു.

തമ്പുരാന്റെ കൃതികളിൽ പ്രസിദ്ധീകരിക്കപ്പെട്ടവതന്നെ ഇന്നു ലഭ്യങ്ങളല്ല; പല കൃതികളും പ്രസിദ്ധീകരിക്കപ്പെടാതെയിരിക്കുന്നുമുണ്ടാവണം. ഇവ എല്ലാം ശേഖരിച്ച്, വേണ്ടവിധത്തിൽ പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുന്നതു കൊള്ളാം.

പരീക്ഷിത്ത് തമ്പുരാന്റെ ജീവചരിത്രം 'പരീക്ഷാചരിതം' എന്ന പേരിൽ മനോഹരമായ ഒരു ലഘുകാവ്യമായി സംസ്കൃതത്തിൽ പണ്ഡിതരാജൻ കെ. അച്യുതപ്പൊതുവാൾ എഴുതിയിട്ടുണ്ട്. ഈ കാവ്യവും തമ്പുരാന്റെ കൃതികളോടൊപ്പം പുനഃപ്രസിദ്ധീകരണം അർഹിക്കുന്നു.

## ഉപസംഹാരം

തമ്പുരാന്റെ ചരമത്തെത്തുടർന്ന് 1964 നവംബർ 13–ാം തീയതിയിലെ 'മാതൃഭൂമി'ദിനപത്രത്തിൽ ഞാനെഴുതിയ മുഖപ്രസംഗത്തിൽനിന്ന് ഏതാനും വരികൾ ഉദ്ധരിച്ച് ഈ പ്രബന്ധം അവസാനിപ്പിക്കാം.

'കേരളീയസംസ്കാരത്തിന്റെ ഒരു യഥാർത്ഥപ്രതിനിധിയായിരുന്ന അദ്ദേഹം, കിരീടധാരണത്തിനുമുമ്പും, ഹ്രസ്വമായ വാഴ്ചക്കാലത്തിനു ശേഷവും തന്റെ സമയം മുഴുവൻ കാവ്യ–ശാസ്ത്ര–വിചാരത്തിലും പഠനപാഠനങ്ങളിലുമായി ചെലവഴിച്ചു. സതതാധ്യായിയായ അദ്ദേഹത്തിന് വ്യത്യസ്തവിഷയങ്ങളിലായി ഒട്ടധികം ശിഷ്യന്മാരുണ്ട്. തൃപ്പൂണിത്തുറ, ഇക്കഴിഞ്ഞ അരനൂററാണ്ടു കാലത്ത്, കേരളത്തിലെ സംസ്കൃതപാണ്ഡിത്യത്തിന്റെ ഒരു കേന്ദ്രമായിരുന്നുവെങ്കിൽ അതിനു കാരണം പരീക്ഷിത്ത് തമ്പുരാൻ ആയിരുന്നു. 'പണ്ഡിതന്മാരുടെ ഒരു തലമുറയെത്തന്നെ അദ്ദേഹം വളർത്തിക്കൊണ്ടുവന്നു. ലാളിത്യവും ഗാംഭീര്യവും ഒത്തിണങ്ങിയ അദ്ദേഹത്തിന്റെ പെരുമാററം പുരാണേതിഹാസങ്ങളിൽ രാജർഷിമാരെക്കുറിച്ചു കാണുന്ന വർണ്ണനകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു. വർണ്ണാശ്രമധർമങ്ങളിൽ അദ്ദേഹം പൂർണമായും വിശ്വസിച്ചു. ജീവിതത്തെ ഒരു സാധനയായി മാററുകയുംചെയ്തു. ആചാരാനുഷ്ഠാനങ്ങളിൽ അദ്ദേഹത്തിന് അതിയായ നിഷ്ഠയുണ്ടായിരുന്നു. ഭക്തിസാന്ദ്രമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം; സംസ്കാരോജ്ജ്വലമായിരുന്നു അദ്ദേഹത്തിന്റെ സംഭാഷണം. രാജത്വം സംബന്ധിച്ച പ്രാചീനഭാരതീയാദർശങ്ങളിൽ പലതും അദ്ദേഹത്തിൽ ആകാരം പൂണ്ടതായി തോന്നിയിരുന്നു. പഴയ ആ രാജപരമ്പര,കേരളത്തിൽ തീർച്ചയായും,പരീക്ഷിത്ത് തമ്പുരാനോടൊപ്പം അവസാനിച്ചിരിക്കുന്നു.'

(തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ ചെയ്ത പ്രസംഗം)